**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5459** — **01.07.2014 - ലെ മറുപടിക്ക്**

**ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായിക വികസനം**

ചോദ്യം
ശ്രീ. എം. ഹംസ

മറുപടി
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ വ്യവസായിക വികസനത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (എ) : | വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്. |
| (ബി) വ്യവസായ വകുപ്പിന് കീഴിൽ ഒറ്റപ്പാലം മണ്ഡലത്തിൽ ആരംഭിക്കുന്ന കിൻഫ്ര പാർക്കിന്റെ കാലിക സ്ഥിതി വിശദമാക്കാമോ ;<br><br>(സി) നിർദിഷ്ട കിൻഫ്ര പാർക്കിൽ ഐ.ടി അധിഷ്ഠിത വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ ? | (ബി) & (സി) : | കിൻഫ്ര ഏകദേശം 82 ഏക്കർ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. ഇവിടുത്തെ അടിസ്ഥാന സൌകര്യ വികസന പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. പാർക്കിന്റെ ചുറ്റുമതിൽ, റോഡ്, പാർക്കിനുള്ളിലെ കെട്ടിട നിർമ്മാണം എന്നിവ പുരോഗമിച്ചു വരുന്നു. ജലം, വൈദ്യുതി എന്നിവ ലഭ്യമാക്കുന്നതിനുള്ള ജോലികൾ ടെൻഡർ ഘട്ടത്തിലാണ്. കിൻഫ്രയുടെ ഒറ്റപ്പാലത്തു നിർമ്മിച്ചുകൊണ്ടിരിക്കുന്ന പാർക്ക് ഓഫീസിലും ഒരു ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറിയിലും ഐ.ടി അധിഷ്ഠിത വ്യവസായ യൂണിറ്റുകൾക്ക് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം വിഭാവനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.